# പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025 – 26

## മാതൃക ചോദ്യപേപ്പർ

## സാമൂഹ്യശാസ്ത്രം

**ക്ലാസ് – IX** | **സമയം :** 2½ **മണിക്കൂർ**

**ആകെ സ്കോർ :** 80 **സ്കോർ**

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്.
- ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതണം.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1 **മുതൽ** 8 **വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.** 1 **സ്കോർ വീതം.** (8×1=8)

1.

| മധ്യശിലായുഗ കേന്ദ്രം | രാജ്യം |
|---|---|
| A) സ്റ്റാർകാർ | i) ശ്രീലങ്ക |
| B) ഫാഹിയാൻ ഗുഹ | ii) ഇന്ത്യ |
| C) സരൈനഹർറായ് | iii)ഇംഗ്ലണ്ട് |
| | iv) ജർമനി |

പട്ടിക നിരീക്ഷിച്ച് മധ്യശിലായുഗകേന്ദ്രങ്ങളും അവ സ്ഥിതിചെയ്യുന്ന രാജ്യങ്ങളുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ഉത്തരങ്ങളിൽ നിന്നും ശരിയായത് തിരഞ്ഞെടുത്തെഴുതുക.

A) A-iii, B- i, C- ii
B) A- ii, B- iii, C- iv
C) A- i, B- ii, C- iv
D) A- iii, B i, C- ii

2. 'A'കോളത്തിന് ചേരുന്നത് 'B' കോളത്തിൽ നിന്നും തിരഞ്ഞെടുത്തെഴുതുക.

| A | B |
|---|---|
| മൗര്യ രാജ്യം | i) തലസ്ഥാനം ഉജ്ജയിനി |
| | ii) ചന്ദ്രഗുപ്ത മൗര്യൻ സ്ഥാപിച്ചു |
| | iii) അർത്ഥശാസ്ത്രം |
| | iv) ഏറ്റവും പ്രധാന ഭരണാധികാരി ബിംബിസാരൻ |
| | v) തലസ്ഥാനം പാടലിപുത്രം |

A) i, ii, iii
B) ii, iii , v
C) iii, iv, v
D) ii, iv, v

© State Assessment Cell - SCERT, Kerala

3. കാശ്മീർ ഹിമാലയവുമായി ബന്ധപ്പെടാത്തത് ഏത്?

A) പ്രധാന പർവതനിരകളാണ് കാരക്കോറം, സസ്കർ, ലഡാക്ക്.

B) പ്രധാന തടാകമാണ് ദാൽ.

C) ബാരലച്ചാ ലാ, റോഹ്താങ് എന്നിവ പ്രധാന ചുരങ്ങളാണ്.

D) മൗണ്ട് K2 കാരക്കോറം നിരയിലാണ്.

4. ഭേദഗതിക്ക് പാർലമെന്റിന്റെ ഇരു സഭകളുടെയും പ്രത്യേക ഭൂരിപക്ഷം ആവശ്യമായത് താഴെ പറയുന്നതിൽ ഏതിനൊക്കെയാണ്?

A) മൗലിക അവകാശങ്ങൾ

B) സംസ്ഥാനങ്ങളുടെ പേരുകൾ

C) ജന പ്രാതിനിധ്യ നിയമം

D) മാർഗനിർദ്ദേശക തത്വങ്ങൾ

5. മരുസ്ഥലി ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു?

A) ദാൽ തടാകം

B) ഥാർ മരുഭൂമി

C) നാഗകുന്നുകൾ

D) സിവാലിക് പർവ്വതനിര

6. 'നവീന ശിലായുഗ വിപ്ലവം' എന്ന് വിശേഷിപ്പിക്കാവുന്ന മാറ്റങ്ങൾ കണ്ടെത്തി എഴുതുക.

i) ധാന്യസംഭരണം

ii) ശിലാ ഉപകരണങ്ങൾക്കൊപ്പം ചെമ്പ് ഉപകരണങ്ങളും ഉപയോഗിച്ചു

iii) നാഗരിക ജീവിതത്തിന് ആരംഭം കുറിച്ചു

iv) കാർഷിക ഗ്രാമങ്ങൾ

v) സ്ഥിരവാസം

A) i, ii, iii
B) ii, iii, v
C) ii, iii, iv
D) i, iv, v

7. 'കേരളത്തിലേക്ക് പുതിയ തീവണ്ടി അനുവദിച്ചു 'ഇന്ത്യ ശ്രീലങ്കയുമായി നയതന്ത്ര കരാറിൽ ഒപ്പുവെച്ചു ' ഈ വാർത്തകൾ ചുവടെ തന്നിരിക്കുന്നവയിൽ ഏത്. പട്ടികയുമായി ബന്ധപ്പെട്ടതാണ്?

A) യൂണിയൻ ലിസ്റ്റ്

B) സംസ്ഥാന ലിസ്റ്റ്

C) സമവർത്തി ലിസ്റ്റ്

D) അവശേഷിക്കുന്ന അധികാരങ്ങൾ

© State Assessment Cell - SCERT, Kerala

8. A കോളത്തിന് ഉചിതമായത് B കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക

| A | B |
|---|---|
| പരുക്കൻ ശിലാ ഉപകരണങ്ങൾ | a)പ്രാചീനശിലായുഗം |
| | b) മധ്യശിലായുഗം |
| | c) നവീനശിലായുഗം |
| | d) താമ്രശിലായുഗം |

(A) b (B) c (C) d (D) a


**9 മുതൽ 13 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വീതം. ഉത്തരങ്ങൾ രണ്ടോ അതിൽ കൂടുതലോ വാചകങ്ങളിൽ എഴുതണം.** (5×2=10)

9. ചുവടെ നൽകിയിരിക്കുന്ന ഉൽപാദക ഘടകങ്ങൾക്ക് ലഭിക്കുന്ന പ്രതിഫലങ്ങൾ ഏതെന്ന് എഴുതുക?

A) ഭൂമി : ...........

B) മൂലധനം : ..........

10. പ്രാചീന ശിലായുഗത്തിലെ ഉപകരണങ്ങളുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന ചാർട്ട് പൂർത്തിയാക്കുക.




11. എക്കൽ വിശറികൾ രൂപം കൊള്ളുന്നത് എങ്ങനെ?

12. കുമവൂൺ ഹിമാലയം, ഗഢ് വാൾ ഹിമാലയം എന്നിവ എന്തെന്ന് വ്യക്തമാക്കുക.

13. മൗര്യസാമ്രാജ്യത്തിലെ പ്രജകൾക്കിടയിൽ സഹവർത്തിത്വവും സമാധാനവും നിലനിർത്തുന്നതിൽ 'അശോക ധമ്മ' എന്ന ആശയം വഹിച്ച പങ്ക് വിലയിരുത്തുക.

**14 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം.ഇതിൽ 14,15,16 ചോദ്യങ്ങൾക്ക് ചോയിസ് ഉണ്ട്. ചോയിസ് ഉള്ള ചോദ്യത്തിൽ ഒരെണ്ണത്തിന് മാത്രമേ ഉത്തരമെഴുതാവൂ. ഉത്തരങ്ങൾ മൂന്നോ അതിൽ കൂടുതലോ വാചകങ്ങളിൽ എഴുതണം.** (8×3=24)

14. (എ) ചുവടെ നൽകിയിരിക്കുന്ന സൂചനകൾ പ്രയോജനപ്പെടുത്തി ആദ്യകാല വേദകാലത്തിലെയും പിൽക്കാല വേദകാലത്തിലെയും ജനജീവിതം താരതമ്യം ചെയ്ത് കുറിപ്പെഴുതുക.

i. ഉപജീവനം

ii. സമൂഹം

iii. ആരാധനാ രീതി

© State Assessment Cell - SCERT, Kerala

**അല്ലെങ്കിൽ**


(ബി) ബുദ്ധമത സംഘത്തിന്റെ പ്രവർത്തനരീതി സമൂഹത്തിൽ ജനാധിപത്യബോധവും മൂല്യ ബോധവും വളർത്തുന്നതിന് സഹായകമായത് എങ്ങനെയെന്ന് വിശദമാക്കുക.

15. (എ) നൽകിയിരിക്കുന്ന ചിത്രം നിരീക്ഷിച്ച് തെക്ക് പടിഞ്ഞാറ് മൺസൂൺ കാറ്റുകളുടെ ദിശയിൽ പർവതങ്ങളുടെ സ്വാധീനം വ്യക്തമാക്കുക.




**അല്ലെങ്കിൽ**

(ബി)




*അവലംബം : സാമ്പത്തിക അവലോകനം 2024, കേരള സംസ്ഥാന ആസൂത്രണ ബോർഡ്*

© State Assessment ... T, Kerala

മുകളിൽ നൽകിയിരിക്കുന്ന ഗ്രാഫ് നിരീക്ഷിക്കൂ. 2020 -21 മുതൽ 2024-25 ഒക്ടോബർ വരെ കേരളത്തിന്റെ വാർഷിക പദ്ധതിയിൽ ആരോഗ്യ സേവനങ്ങൾക്കായി നീക്കി വച്ചിരിക്കുന്ന തുകയെ പ്രതിനിദാനം ചെയ്യുന്ന ഗ്രാഫാണിത്. ഇത് വിശകലനം ചെയ്ത് ആരോഗ്യപരിപാലനത്തിന് ഗവൺമെന്റ് നൽകുന്ന പ്രാധാന്യം മാനവ വിഭവശേഷിയുടെ പശ്ചാത്തലത്തിൽ വിവരിക്കുക.

16. (എ) ഹിമാലയപർവത പ്രദേശങ്ങളിലെ കാലാവസ്ഥയുടെ പ്രത്യേകതകൾ എന്തെല്ലാം?

**അല്ലെങ്കിൽ**

(ബി) ഭാബർ മേഖലയിൽ നദികൾ അപ്രത്യക്ഷമാകുന്നതിന്റെ കാരണം വിശദമാക്കുക.

17. സൂചനകളിൽ നിന്നും വിവിധതരം ബില്ലുകൾ തിരിച്ചറിഞ്ഞ് പേരെഴുതുക.

(i) മന്ത്രിമാർ അവതരിപ്പിക്കുന്ന ബിൽ.

(ii) മന്ത്രിയല്ലാത്ത പാർലമെന്റ് അംഗം അവതരിപ്പിക്കുന്ന ബിൽ.

(iii) പൊതു ഖജനാവിലേക്കുള്ള ധനസമാഹരണവും ചെലവഴിക്കലും സംബന്ധിച്ച് ബിൽ.

18. അർത്ഥശാസ്ത്രം' എഴുതിയതാര്? അർത്ഥശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന സപ്താംഗങ്ങൾ രാജ്യത്തിന്റെ നിലനിൽപ്പിനെ എത്രമാത്രം സ്വാധീനിക്കുന്നു. വിലയിരുത്തുക.

19. ഏതൻസിലെ ഭരണസംവിധാനം ആധുനിക ജനാധിപത്യത്തോട് വളരെയധികം സാമ്യമുള്ള തായിരുന്നു. നിങ്ങളുടെ അഭിപ്രായങ്ങൾ സമർഥിക്കുക.

20. 'അക്രമത്തിന്റെ ഏറ്റവും മോശമായ രൂപമാണ് ദാരിദ്ര്യം'. മഹാത്മാഗാന്ധി

ദാരിദ്ര്യം എവിടേയും സമൃദ്ധിക്ക് ഭീഷണിയാണ്. ദാരിദ്രം മനുഷ്യന്റെ അന്തസ്സിനെയും സാമ്പത്തിക പുരോഗതിയെയും സാമൂഹിക ഐക്യത്തെയും ദുർബലപ്പെടുത്തുന്നു. ദാരിദ്രം നേരിടുന്നതിന് സമഗ്രമായ ഇടപെടലുകളും നടപടികളും അനിവാര്യമാണ്. ദാരിദ്ര്യം വ്യക്തികളെ മാത്രമല്ല അതിലൂടെ രാജ്യപുരോഗതിയെയും ദോഷകരമായി ബാധിക്കുന്നു. ദാരിദ്ര്യ നിർമാർജനത്തിന് മുൻഗണന നൽകുന്നതിലൂടെയും അന്താരാഷ്ട്ര നവീകരണം വളർത്തിയെടുക്കുന്നതിലൂടെയും എല്ലാവർക്കും തുല്യ അവസരവും പുരോഗതിയും ഉറപ്പുവരുത്തുന്ന ഒരു ലോകം കെട്ടിപ്പടുക്കുവാൻ കഴിയും. ആഗോള പൗരർ എന്ന നിലയിൽ, ദാരിദ്ര്യത്തിനെതിരെ പോരാടുന്നതിനും തലമുറകൾക്കായി സുസ്ഥിരവികസനം പ്രോത്സാഹിപ്പിക്കുന്നതിലും നമ്മുടെ പങ്കും ഉത്തരവാദിത്വവും നാം തിരിച്ചറിയണം.

ദാരിദ്ര്യവുമായി ബന്ധപ്പെട്ട് മുകളിൽ നൽകിയിരിക്കുന്ന വിവരണം വായിച്ചല്ലോ? ഇതിന്റെ പശ്ചാത്തലത്തിൽ ദാരിദ്ര്യം മാനവ വിഭവശേഷി വികസനത്തിന് വെല്ലുവിളി ആകുന്നതെങ്ങനെ എന്ന് വിവരിക്കുക.

21. തൊഴിലില്ലായ്മ എന്നാൽ എന്ത്? താഴെപ്പറയുന്ന രണ്ട് സന്ദർഭങ്ങൾ ഏത് തൊഴിലി ല്ലായ്മകളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തി വിവരിക്കുക.

© State Assessment Cell , SCERT, Kerala

i. പ്രകാശ് ഒരു വിദ്യാസമ്പന്നനാണ്. തൊഴിൽ അന്വേഷിക്കുന്നുമുണ്ട്. എന്നാൽ പ്രകാശിന് ഇതുവരെ തൊഴിൽ കിട്ടിയിട്ടില്ല. തൊഴിൽ ചെയ്യാൻ ആവശ്യമായ യോഗ്യതകൾ ഉണ്ടായിട്ടും തൊഴിൽ ചെയ്യാൻ സന്നദ്ധനായിട്ടും പ്രകാശിന് തൊഴിലില്ലാത്ത അവസ്ഥ ഏത് തൊഴിലില്ലായ്മയുമായി ബന്ധപ്പെട്ടിരിക്കുന്നു?

ii. ടിനു പാക്കിങ് യൂണിറ്റിലെ തൊഴിലാളിയായിരുന്നു. എന്നാൽ പുതിയ പാക്കിങ് മെഷീൻ കൊണ്ടുവന്നതോടെ ടിനുവിന് തൊഴിൽ നഷ്ടമായി. ഈ തൊഴിലില്ലായ്മ ഏത് പേരിൽ അറിയപ്പെടുന്നു?

**22 മുതൽ 28 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം.ഇതിൽ 22,23 ചോദ്യങ്ങൾക്ക് ചോയിസ് ഉണ്ട്. ചോയിസ് ഉള്ള ചോദ്യത്തിൽ ഒരെണ്ണത്തിന് മാത്രമേ ഉത്തരമെഴുതാവൂ. ഉത്തരങ്ങൾ നാലോ അതിൽ കൂടുതലോ വാചകങ്ങളിൽ എഴുതണം.** (7×4=28)

22. (എ) ചുവടെ നൽകിയിരിക്കുന്ന ശിലായുഗ കേന്ദ്രങ്ങൾ ഏതേത് ശിലായുഗങ്ങളിൽ ഉൾപ്പെടുന്നുവെന്ന് തിരിച്ചറിഞ്ഞ് പേരെഴുതുക.

ഉദാ: ഷോവെ : പ്രാചീനശിലായുഗം

A) ജാർമൊ : .......... (1)

B) നെവാസാ : .......... (1)

C) സ്റ്റാർകാർ : .......... (1)

D) ലാസ്കോ : .......... (1)

**അല്ലെങ്കിൽ**

(ബി) ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങളിൽ നിന്നും ഭരണഘടനാഭേദഗതി എന്തെന്ന് വ്യക്തമാക്കുക.

i) ഭരണഘടനഭേദഗതി എന്നാൽ എന്ത്? (1)

ii) ഭരണഘടനയുടെ ഏത് അനുച്ഛേദം പ്രകാരമാണ് പാർലമെൻറിന് ഭേദഗതിക്കുള്ള അധികാരം ലഭിക്കുന്നത്? (1)

iii) ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന രണ്ട് ഭേദഗതി രീതികളുടെ പേരെഴുതുക. (2)

23. (എ) ഹിമാലയൻ മേഖലയിൽ കൃഷിക്ക് പ്രതികൂലമായ ഘടകങ്ങൾ ഏതെല്ലാം? ഈ പരിമിതികൾ മറികടന്നുകൊണ്ട് എങ്ങനെയാണ് ഇവിടത്തെ ജനങ്ങൾ കാർഷിക മേഖലയിൽ ഉപജീവനം കണ്ടെത്തുന്നത്? (4)

**അല്ലെങ്കിൽ**

(ബി) ഉത്തരേന്ത്യൻ സമതലങ്ങളിൽ അതിശൈത്യമുണ്ടാകാനുള്ള കാരണങ്ങൾ വിശദമാക്കുക.

© State Assessment Cell - SCERT, Kerala

24. ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.


i) 'നാഗരികത' എന്ന പദം അർത്ഥമാക്കുന്നതെന്ത്?

ii) നാഗരിക ജീവിതം ആരംഭിച്ച കാലഘട്ടം ഏത് ?

iii) നാഗരികതയുടെ (നഗരജീവിതത്തിന്റെ) സവിശേഷതകൾ എന്തെല്ലാം? (4)

25. മോക്ഷപ്രാപ്തിക്കായി മഹാവീരൻ മുന്നോട്ടുവെച്ച തത്വങ്ങൾ ഏതെല്ലാം? അവ ഏത് പേരിൽ അറിയപ്പെടുന്നു? (4)

26. തന്നിരിക്കുന്ന ഭൂരൂപങ്ങളെ ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക




A) സിവാലിക് (1)

B) കാരക്കോറം (1)

C) ഹിമാദ്രി (1)

D) നാഗാക്കുന്നുകൾ (1)

27. നിയമനിർമ്മാണം, കാര്യനിർവഹണം, നീതിന്യായം എന്നീ മൂന്ന് വിഭാഗങ്ങൾക്കിടയിൽ യുക്തിസഹമായ ഒരു പരസ്പര നിയന്ത്രണവും ഏകോപനവും അധികാര പ്രയോഗത്തിലെ സന്തുലനവും സാധ്യമാക്കാൻ നമ്മുടെ ഭരണഘടന പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഈ പ്രസ്താവന സാധൂകരിച്ച് നിഗമനങ്ങൾ എഴുതുക. (4)

28. മനുഷ്യമൂലധനത്തെ ശക്തിപ്പെടുത്തുന്ന ഘടകങ്ങൾ എന്തെല്ലാം? (4)

**29, 30 ചോദ്യങ്ങൾക്ക് 5സ്കോർ വീതം.ഉത്തരങ്ങൾ വിശദീകരിച്ച് എഴുതണം.** (2×5=10)

29.(എ) മഗധയുടെ വളർച്ചയിൽ അവിടത്തെ ഭൂമിശാസ്ത്ര സവിശേഷതകൾ പ്രധാന കാരണമായിരുന്നുവോ? നിങ്ങളുടെ അഭിപ്രായം സാധൂകരിക്കുക. (5)

**അല്ലെങ്കിൽ**

(ബി) ചുവടെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ പ്രാചീനശിലായുഗത്തിലെയും മധ്യശിലായുഗത്തിലെയും മനുഷ്യരുടെ ജീവിതരീതി താരതമ്യം ചെയ്യുക.

i. ശിലായുധങ്ങൾ

ii. ഉപജീവനരീതികൾ

30. (എ) മധ്യഹിമാലയത്തിന്റെ സവിശേഷതകൾ വിശദമാക്കുക. (5)

**അല്ലെങ്കിൽ**

(ബി) ഉത്തരേന്ത്യൻ സമതലത്തിലെ മണ്ണിനങ്ങളെക്കുറിച്ച് വിവരിക്കുക.

© State Assessmen… SCERT, Kerala